## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4477** **10-08-2021 - ൽ മറുപടിയ്ക്ക്**

### കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് എന്ന പദവിയിലേക്ക് കേരള കാർഷിക സർവ്വകലാശാലയെ പടിപടിയായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുക എന്നതോടൊപ്പം PMFME, MSME, RAFTAAR-ABI എന്നീ പദ്ധതികളിലൂടെ മൂല്യവർദ്ധനവിനുള്ള സാങ്കേതിക വിദ്യകൾ കൈമാറ്റം ചെയ്ത് കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽ ഒരു വിത്ത്, നടീൽ വസ്തു ഉത്പാദന ഡയറക്ടറേറ്റ് (Directorate of Seeds and Planting Material) സ്ഥാപിക്കൽ. സംയോജിത കൃഷി സമ്പ്രദായം, പച്ചക്കറി ഗവേഷണം എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കൽ. വെള്ളായണിയിലും വെള്ളാനിക്കര യിലുമായി കേന്ദ്രീകൃത വിശകലനശാലകൾ (Central instrumentation facilities) സ്ഥാപിക്കൽ. കർഷകർക്ക് വിളകളുടെ വില വ്യതിയാനം നേരത്തേ മനസ്സിലാക്കുന്നതിനും വിപണനം വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനായി ഒരു വിപണന വിവര ശേഖരണ വിഭാഗം (MIS) ആരംഭിക്കുന്നതിനുള്ള പദ്ധതി. കാർഷിക പരിസ്ഥിതി മേഖലകൾക്കനുസരിച്ചുള്ള ശാസ്ത്രീയ കൃഷിരീതികളുടെ പാക്കേജ് ഓഫ് പ്രാക്ടീസ് രൂപപ്പെടുത്തൽ. ചെറുകിട കൃഷിയിടങ്ങളിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനുതകുന്ന കാർഷിക യന്ത്ര സാമഗ്രികൾ വികസിപ്പിച്ചെടുക്കൽ. വെള്ളായണിയിൽ ജൈവകൃഷി |

| | | | |
|---|---|---|---|
| | | | ഗവേഷണത്തിനായി ഒരു ലീഡ് സെൻറർ സ്ഥാപിക്കൽ. കോൾ നിലങ്ങളുടെ പാരിസ്ഥിക ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ. കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വിവിധ കാർഷിക സാങ്കേതിക വിദ്യകളുടെ മോഡൽ ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ. കോഴിക്കോട് വേങ്ങേരി വിജ്ഞാന വിപണന കേന്ദ്രത്തോട് ചേർന്ന് വിള നഴ്സറി യൂണിറ്റ് ശക്തിപ്പെടുത്തൽ. കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ബ്ലോക്ക് ലെവൽ നോളജ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കൽ. ബ്ലെന്റഡ് ലേണിങ് വിപുലപ്പെടുത്തും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പിനുള്ള സംവിധാനം നടപ്പിലാക്കും. |
| (ബി) | കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ വിപുലപ്പെടുത്തുന്നതിനും അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4477** **10.08.2021 ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ തോമസ് കെ തോമസ്<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ശ്രീ. കെ.പി.മോഹനൻ | ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് എന്ന പദവിയിലേക്ക് കേരള കാർഷിക സർവ്വകലാശാലയെ പടിപടിയായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്.<br><br>• മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുക എന്നതോടൊപ്പം PMFME, MSME, RAFTAAR-ABI എന്നീ പദ്ധതികളിലൂടെ മൂല്യവർദ്ധനവിനുള്ള സാങ്കേതിക വിദ്യകൾ കൈമാറ്റം ചെയ്ത് കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>• ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽ ഒരു വിത്ത്, നടീൽ വസ്തു ഉത്പാദന ഡയറക്ടറേറ്റ് (Directorate of Seeds and Planting Material) സ്ഥാപിക്കൽ.<br><br>• സംയോജിത കൃഷി സമ്പ്രദായം, പച്ചക്കറി ഗവേഷണം എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കൽ.<br><br>• വെള്ളായണിയിലും വെള്ളാനിക്കരയിലുമായി കേന്ദ്രീകൃത വിശകലനശാലകൾ (Central instrumentation facilities) സ്ഥാപിക്കൽ.<br><br>• കർഷകർക്ക് വിളകളുടെ വില വ്യതിയാനം നേരത്തേ മനസ്സിലാക്കുന്നതിനും വിപണനം വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനായി ഒരു വിപണന വിവര |

ശേഖരണ വിഭാഗം (MIS) ആരംഭിക്കുന്നതിനുള്ള പദ്ധതി.

- കാർഷിക പരിസ്ഥിതി മേഖലകൾക്കനുസരിച്ചുള്ള ശാസ്ത്രീയ കൃഷിരീതികളുടെ പാക്കേജ് ഓഫ് പ്രാക്ടീസ് രൂപപ്പെടുത്തൽ.

- ചെറുകിട കൃഷിയിടങ്ങളിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനുതകുന്ന കാർഷിക യന്ത്ര സാമഗ്രികൾ വികസിപ്പിച്ചെടുക്കൽ.

- വെള്ളായണിയിൽ ജൈവകൃഷി ഗവേഷണത്തിനായി ഒരു ലീഡ് സെൻറർ സ്ഥാപിക്കൽ.

- കോൾ നിലങ്ങളുടെ പാരിസ്ഥിക ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ.
- കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

- സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വിവിധ കാർഷിക സാങ്കേതിക വിദ്യകളുടെ മോഡൽ ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ.
- കോഴിക്കോട് വേങ്ങേരി വിജ്ഞാന വിപണന കേന്ദ്രത്തോട് ചേർന്ന് വിള നഴ്സറി യൂണിറ്റ് ശക്തിപ്പെടുത്തൽ.

- കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ബ്ലോക്ക് ലെവൽ നോളജ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കൽ.
- ബ്ലെന്റഡ് ലേണിങ് വിപുലപ്പെടുത്തും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പിനുള്ള സംവിധാനം നടപ്പിലാക്കും.

| | |
|---|---|
| **(ബി)** കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ | **(ബി)** ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| വിപുലപ്പെടുത്തുന്നതിനും അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | |
| (സി) കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ